**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 739** **30-01-2024 - ൽ മറുപടിയ്ക്ക്**

**സോളാർ പാനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ആകെ 455 kW കപ്പാസിറ്റി പ്ലാന്റുകൾ സ്ഥാപിക്കാനുള്ളതിൽ 327 kW പ്ലാന്റുകൾ 39 ഇടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ളത് സ്ഥാപിക്കുന്നതിലേക്ക് അനുയോജ്യമായ സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക സർവ്വേ നടത്തുകയും ചെയ്തു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പദ്ധതി നടപ്പാക്കാൻ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ബാക്കി സ്ഥാപനങ്ങളിലെ ഫീസിബിലിറ്റി സ്റ്റഡി അവസാന ഘട്ടത്തിലാണ്. |
| (സി) | മേൽപ്പറഞ്ഞ മണ്ഡലത്തിൽ സോളാർ പാനൽ സ്ഥാപിച്ചതിലൂടെ ആകെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനായിയെന്നും എത്ര ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് സാധിച്ചുവെന്നും അറിയിക്കുമോ ? | (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ചതിലൂടെ ഏകദേശം 79913 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനായി. ഏകദേശം 68 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ